ക്ഷണ വിഷയങ്ങളിൽ 6 മാസത്തെ പരിശീലനം നൽകി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നു. 405 പേർക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ട്. 600 പേർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ രക്തബാങ്കുകൾ

26 (*326)ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര രക്തബാങ്കുകൾ ഉണ്ട്, ഇവയിൽ എത്ര എണ്ണം സർക്കാർ ഉടമസ്ഥതയിലുള്ളതാണെന്ന് അറിയിക്കുമോ;

(ബി) ബ്ലഡ് ബാങ്കുകളിൽ പ്രൊഫഷണൽ രക്തവിൽപ്പനക്കാർ രക്തം ഇടയ്ക്കിടെ നൽകുന്നതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രക്തബാങ്കുകളിലെ രക്തം രോഗാണു വിമുക്തമാണെന്ന് ഉറപ്പു വരുത്തുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ വിദ്യാലയങ്ങൾ, ഓഫീസുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടേയും, ജീവനക്കാരുടേയും രക്തഗ്രൂപ്പിംഗ് നടത്തുവാനും രക്തദാതാക്കളുടെ സമിതിയുണ്ടാക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) സംസ്ഥാനത്ത് 107 രക്ത ബാങ്കുകൾ ഉണ്ട്. ഇവയിൽ 30 എണ്ണം സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു.

(ബി) ഇല്ല. പ്രൊഫഷണൽ രക്തദാനം 1998 ജനുവരി മുതൽ നിർത്തലാക്കിയിരിക്കുകയാണ്.

(സി) ഉണ്ട്

(ഡി) എല്ലാ വിഭാഗം ജനങ്ങൾക്കും സ്വമേധയാ പ്രതിഫലേച്ഛ കൂടാതെ രക്തം ദാനംചെയ്യുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ ഇതിനായി സന്നദ്ധസംഘടനകൾ പ്രവർത്തിച്ചുവരുന്നു.

ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട വിനോദസഞ്ചാര പദ്ധതി

27 (*327)ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. ദാസൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ടുള്ള എന്തെങ്കിലും വിനോദസഞ്ചാര പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഉൾനാടൻ ജലഗതാഗത സൗകര്യം ഇതിനായി പ്രയോജനപ്പെടുത്താൻ ലക്ഷ്യംമിട്ടിട്ടുണ്ടോ;

(സി) ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട വിനോദസഞ്ചാര പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായിട്ടുള്ള ഹൗസ്ബോട്ടുകൾ ഇപ്പോൾ സർക്കാർ ഉടമയിൽ ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ ആവശ്യത്തിന് സ്വകാര്യമേഖലയിലെ ഹൗസ്ബോട്ടുകൾ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തുവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഹൗസ്ബോട്ടുകൾ ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്)ദേശീയ ടൂറിസം രംഗത്തും വ്യോമയാന നയത്തിലും കേന്ദ്ര സർക്കാർ തുടരുന്ന നിലപാട് സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിന് എത്രകണ്ട് സഹായകമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങളിൽ നിന്നും സർവ്വീസ് നടത്താൻ വിദേശ വിമാന കമ്പനികൾക്ക് അനുമതി നൽകാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടുവോ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ സമീപനം എന്തെന്ന് അറിയിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ടൂറിസ്റ്റ്-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി)സംസ്ഥാനത്തെ കായലുകളേയും, കനാലുകളേയും സംയോജിപ്പിച്ചുകൊണ്ട് ടൂറിസം വികസനം സാധ്യമാക്കുന്ന വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കായൽ വികസനത്തിന് പ്രത്യേക ഊന്നലും നൽകിവരുന്നു. കേരളത്തിന്റെ ഹൗസ് ബോട്ടുകൾ അന്താരാഷ്ട്ര ടൂറിസം രംഗത്ത് വലിയ മതിപ്പുളവാക്കി വരുന്നുണ്ട്. 'നാറ്റ്പാക്ക്' എന്ന സ്ഥാപനത്തിലൂടെ വിശദമായ പഠനത്തിനുശേഷം പമ്പ-കുട്ടനാട് ഏരിയായിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി പള്ളാതുരുത്തി, കോതറത്തോട്, നെടുമുടി, വട്ടക്കായൽ എന്നീ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. ഇവിടെയെല്ലാം താമസസൗകര്യം, റസ്റ്റോറന്റ്, ബോട്ടുജട്ടി തുടങ്ങിയ സൗകര്യങ്ങൾ വികസിപ്പിക്കുന്നതാണ്. വരുന്ന സാമ്പത്തിക വർഷംതന്നെ ഇതിന്റെ പണികൾ പൂർത്തിയാക്കുന്നതാണ്. ആലപ്പുഴയിലും തണ്ണീർമുക്കത്തും കുമരകത്തും ബോട്ടു ടെർമിനലുകളുടെ നിർമ്മാണവും അടുത്ത വർഷംതന്നെ പൂർത്തീകരിക്കുന്നതാണ്. അഷ്ടമുടിക്കായലിൽ സമഗ്ര വികസനം നടപ്പാക്കുന്നതിന്റെ ഭാഗമായി കൊല്ലത്ത് ഗേറ്റ്വേ സെന്ററും, ആനന്ദവല്ലീശ്വരത്തും, കസേറ്റിയിലും ഓരോ ജലയോര വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുന്നതിന് അനുമതി നൽകിക്കഴിഞ്ഞു. കോവളം മുതൽ കൊല്ലം വരെയുള്ള കനാലിൽ വിനോദസഞ്ചാരികൾക്കുവേണ്ട ഹൗസ്ബോട്ടുകൾ അടക്കമുള്ള ബോട്ട് സർവ്വീസുകൾ തുടങ്ങു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനു വേണ്ടി സമഗ്ര കനാൽ വികസനത്തിന് ടൂറിസം വകുപ്പിന് പരിപാടിയുണ്ട്. 'നാറ്റ്പാക്' എന്ന സ്ഥാപനത്തെക്കൊണ്ട് ഇതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പുമായി സഹകരിച്ചായിരിക്കും പദ്ധതി നടപ്പാക്കുക. ഹൗസ്ബോട്ടുകളുടെ പ്രവർത്തനം മലബാറിലേക്കുകൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നീലേശ്വരം, പറശ്ശിനിക്കടവ്, കോഴിക്കോട്, ചേറ്റുവ എന്നീ സ്ഥലങ്ങളിൽ ഹൗസ്ബോട്ടുകൾ നൽകുന്നതാണ്.

(സി)-(ഇ) സ്വകാര്യമേഖലയിലാണ് ഹൗസ്ബോട്ടുകൾ കൂടുതലും പ്രവർത്തിക്കുന്നത്. ആലപ്പുഴ, കൊല്ലം, കുമരകം എന്നീ കേന്ദ്രങ്ങളിലാണ് പ്രധാനമായും ഇപ്പോൾ ഹൗസ്ബോട്ടുകൾ നിലവിലുള്ളത്. സർക്കാർ ഉടമസ്ഥതയിൽ വാങ്ങിയ ഏതാനും ഹൗസ്ബോട്ടുകൾ കെ.ടി.ഡി.സി.യും, കൊല്ലം, കോഴിക്കോട് ഡി.റ്റി.പി.സി. കളും പ്രവർത്തിപ്പിക്കുന്നുണ്ട്. മലബാർ മേഖലയിൽ സർവ്വീസ് നടത്തുന്നതിനുവേണ്ടി നാല് പുതിയ ഹൗസ്ബോട്ട് നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയിട്ടുണ്ട്. പറശ്ശിനിക്കടവിലും, നീലേശ്വരത്തുമാണ് ഈ ബോട്ടുകൾ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. കോഴിക്കോട്, തൃശൂർ എന്നീ ജില്ലകൾക്കുവേണ്ടി നാല് ഹൗസ്ബോട്ടുകൾ കൂടി ഉടനെ നിർമ്മിക്കുന്നതാണ്.

(എഫ്)പൊതുമേഖലാ സ്ഥാപനങ്ങളായ എയർ ഇൻഡ്യയേയും ഇൻഡ്യൻ എയർ ലൈൻസിനേയും സഹായിക്കുന്ന വ്യോമയാന നയമാണ് കേന്ദ്ര സർക്കാർ പിന്തുടരുന്നത്. കേരളത്തിലെ അന്താരാഷ്ട്ര നിലവാരമുള്ള വിമാനത്താവളങ്ങളിൽനിന്ന് വിദേശ വിമാന കമ്പനികളെ പിന്തിരിപ്പിക്കുന്ന കേന്ദ്ര നയം കാരണം കേരളത്തിലെ ടൂറിസം വികസനം ഒരു പരിധിവരെ പ്രതിസന്ധി നേരിടുന്നുണ്ട്. വിദേശനഗരങ്ങളിൽ നിന്നും നേരിട്ടുള്ള വിമാന സർവ്വീസുകൾ മുഖേന കേരളത്തിലെത്താൻ ടൂറിസ്റ്റുകൾക്ക് സൗകര്യം ലഭിച്ചാൽ അന്താരാഷ്ട്ര ടൂറിസ്റ്റുകളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ് സർക്കാരിന്റെ വിലയിരുത്തൽ.

(ജി) സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങളിൽനിന്നും സർവ്വീസ് നടത്താൻ വിദേശ വിമാന കമ്പനികൾക്ക് അനുമതി നൽകുവാൻ കേന്ദ്രത്തോട് പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വർഷം കേന്ദ്രം വിളിച്ചു ചേർത്ത ടൂറിസം മന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ടൂറിസം മന്ത്രി മുഖ്യമായും കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി ഉന്നയിച്ച വിഷയവും ഇതായിരുന്നു. ഈ പ്രശ്നത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും വ്യക്തമായ ഒരു ഉറപ്പും ഇതുവരെ ലഭിച്ചിട്ടില്ല.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്

28(*328)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് കേരള ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുവാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വശദമാക്കുമോ?

(ബി) ഇതിനായി ഗവൺമെന്റ്തലത്തിൽ ഇനിയും എന്ത് നടപടിയാണ് സ്വീകരിക്കുവാനുള്ളതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

LIBRARY ARCHIVES Kerala Legislative Assembly